

## EID-UL-FITR SERMON / ചെറിയ പെരുന്നാൾ ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

05 June 2019
01 Shawwal 1440 AH

## "EID MUBARAK"
## ചെറിയ പെരുന്നാൾ ഖുത്തുബ

സലാമിനു ശേഷം ഈദ് മുബാറക്ക് ആശംസ നേർന്നിട്ട് ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാതിഹ ഓതിയ ശേഷം തന്റെ പ്രസംഗവിഷയത്തിലേക്ക് പ്രവേശിച്ചു.

### What is Eid-ul-Fitr? ഈദുൽ ഫിത്ർ എന്താണ്?

അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹത്താൽ നാമിവിടെ വീണ്ടും ഒരു ഈദുൽഫിത്ർ ആഘോഷത്തിനായി ഒരുമിച്ചു കൂടിയിരിക്കുകയാണ്.

ഫിത്ർ എന്ന വാക്കിന്റെ അർത്ഥം നോമ്പു മുറിക്കുക എന്നാകുന്നു. ഇഫ്താർ എന്ന വാക്കും ഇതേ ഉറവിടത്തിൽ നിന്നുള്ളതാണ്. ഈദുൽ ഫിത്ർ എന്ന വാക്കുകളുടെ അർത്ഥം റമദാൻ വ്രതം അവസാനിക്കുമ്പോൾ ആഘോഷിക്കുന്ന ആഘോഷത്തിനാണ് ഈദുൽഫിത്ർ എന്നുപറയുന്നത്. ഒരു മാസത്തെ വ്രതാനുഷ്ഠാനത്തിന് ശേഷം, ഒരു ദിവസത്തെ സന്തോഷത്തിനായി, ശരീഅത്ത് ക്ഷണിക്കുന്നു. ഒരു ദിവസം ഭക്ഷിക്കുവാൻ, അത് കല്പിക്കുന്നു. സന്തോഷത്തോടെ കഴിയുവാനും കല്പിക്കുന്നു. പ്രസ്തുത ദിനത്തിൽ വ്രതാനുഷ്ഠാനം നിരോധിച്ചിരിക്കുന്നു. (ബുഖാരി)

കുടുംബാംഗങ്ങളും സ്നേഹിതരുമായി സ്നേഹശാന്തതയോടെ പങ്കുവെയ്ക്കുന്ന നിമിഷങ്ങളാണത്. കുടുംബാംഗങ്ങളെല്ലാം ഒരു മേശയ്ക്കു ചുറ്റും ഒരുമിച്ചിരിക്കുന്ന നിമിഷം, പ്രതീകാത്മകമായ നിലയിൽ പ്രഭാത ഭക്ഷണം പങ്കുവെയ്ക്കുന്നതിനായി, സാധാരണദിവസങ്ങളിൽ നിന്നും തികച്ചും ഭിന്നമായ നിലയിൽ, ഈദ് ദിനത്തെ വേർതിരിച്ചു നിർത്തുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഈദ് നമസ്ക്കാരത്തിനായി പുറപ്പെടുന്നതിനു മുൻപായി,

ഈന്തപഴത്തിൽ നിന്നും കുറച്ച്, ഒറ്റയിൽ അവസാനിക്കുന്ന നിലയിൽ കഴിക്കുമായിരുന്നു എന്ന് റിപ്പോർച്ച് ചെയ്യപ്പെട്ടിരിക്കുന്നു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്ത് തുല്യതയില്ലാത്ത അത്യുത്സാഹത്തിന്റെയും ആഹ്ളാദത്തിന്റെയും പര്യായമായിരുന്നു ഈദ്. മുസ്ലിംകൾക്ക് ആഘോഷിക്കുവാൻ കഴിയുന്ന ഒരേ ഒരാഘോഷം ഈദ് ദിനങ്ങൾ മാത്രമായിരുന്നു. നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈദ് നാം ആഘോഷിക്കുന്നത്, ഒരു പ്രത്യേക പ്രാർത്ഥനയിലൂടെയാണ്.

അപ്പോൾ, ഒരു മുസ്ലിം, തന്റെ രക്ഷിതാവ് അവന്റെ മേൽ ചൊരിയുന്ന എല്ലാ അനുഗ്രഹങ്ങൾക്കും, കൂടുതൽ പ്രാർത്ഥനയിലൂടെ അവൻ നന്ദിരേഖപ്പെടുത്തുന്നു. ഇത് സാഹോദര്യത്തിന്റെ സമയമാണ്, ഇത് ഔദാര്യം പ്രകടിപ്പിക്കേണ്ട സമയമാണ്, ഇത് മാപ്പ് ചെയ്യേണ്ട സമയമാണ്. ഈദ് പ്രാർത്ഥനയിൽ നിന്നും നാം മടങ്ങുമ്പോൾ, സംശുദ്ധമായ ഒരു ഹൃദയവുമായിട്ടായിരിക്കണം നാം മടങ്ങേണ്ടത്, നാം വീട്ടിലേക്കു എത്തി, പ്രസ്തുത ദിനത്തിലെ അവശേഷിക്കുന്ന സമയം കുടുംബാംഗങ്ങളോടൊപ്പം സന്തോഷമായി ചെലവഴിക്കുക.

ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്യുന്നു. അതായത് ഈദ് ദിനത്തിൽ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ സാന്നിധ്യത്തിൽ ചില കവിതകൾ കേൾക്കുകയായിരുന്നപ്പോൾ, അവരുടെ പിതാവ് അബൂബക്കർ(റ) അവരെ സന്ദർശിക്കുകയുണ്ടായി, (ബുഖാരി) അതുമാത്രമല്ല, ഈ ദിനത്തിൽ ഭക്ഷണം കഴിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് ഒരു നന്മയാകുന്നു. അതിന് ഇസ്ലാമിന്റേതായ ഒരു രീതി ഉണ്ടായിരിക്കേണ്ടതാണ്. നിങ്ങൾ ഒരു തരത്തിലും പരിധി ലംഘിക്കരുത്, അഥവാ അല്ലാഹു(ത) കല്പിച്ചിട്ടില്ലാത്തതിൽ നിങ്ങൾ അതിരു കടക്കരുത്. പ്രത്യേകമായ ഈദ് പാർട്ടി നിങ്ങൾ സംഘടിപ്പിക്കരുത്, ഖവാലി പാർട്ടിയും സംഘടിപ്പിക്കരുത്, കാരണം അതിൽ പാട്ടും, ഡാൻസും, മ്യൂസിക്കും ഉണ്ടായിരിക്കും. ഒരു കാരണവശാലും രാത്രി മുഴുവൻ നിങ്ങൾ തിന്നുകൊണ്ടിരിക്കരുത്. അല്ലാ ഇത് ഒരിക്കലും ഈദുൽഫിത്ർന്റെ തത്വശാസ്ത്രമല്ല. നാമെല്ലാവരും അല്ലാഹു(ത) അനുവദിച്ച അതിർവരമ്പുകൾക്കകത്തു നിന്നു മാത്രമെ പ്രവർത്തിക്കാവൂ. ആരും തന്നെ അതിന്റെ പുറത്തുപോകരുത്. നാം ഒരു മാസക്കാലം ത്യാഗങ്ങൾ അനുഷ്ഠിച്ചവരാണ്. പരിശുദ്ധമായ റമദാൻ മാസത്തിൽ നാം അല്ലാഹു(ത)യെ അനുസരിച്ചവരാണ്. അവന്റെ ഇച്ഛയ്ക്ക് നാം കീഴടങ്ങിയതിനാലും നാം പ്രകടിപ്പിച്ച ഭക്തിയാലും അവൻ നമുക്ക് പ്രതി

ഫലങ്ങൾ നല്കുന്നതാണ്. അല്ലാഹു(ത) ഒരിക്കലും അവന്റെ ദാസന്മാരുടെമേൽ അവർക്ക് കഴിയാത്ത ഭാരം കയറ്റിവെയ്ക്കുകയില്ല. അവൻ അവരോട് ത്യാഗങ്ങൾ ചെയ്യുവാൻ കല്പിക്കുന്നു. എന്നിട്ടവൻ അവർക്ക് പ്രതിഫലങ്ങൾ നല്കുന്നു.

ഈ താത്ക്കാലിക ലോകത്തിൽ നമ്മെ അവൻ ദൈവീക കല്പനകൾക്ക് വിധേയമാക്കുന്നു. അതിലൂടെ പാരത്രിക ലോകത്ത് നാം അനന്തമായി സ്വതന്ത്രരായി തീരുന്നു. അല്ലാഹു(ത) വിശ്വാസികളുടെ മേൽ, ചില ക്രമീകരണങ്ങൾ നടപ്പിലാക്കിയിരിക്കുന്നു. ആയതിനാൽ അത്, അനുസരിക്കുന്നതാണ് നമുക്ക് അഭികാമ്യമായിട്ടുള്ളത്. കാരണം ഇവിടുത്തെ ജീവിതം വളരെ കുറഞ്ഞകാലമാണ്. പ്രസ്തുത കാലയളവിൽ പ്രസ്തുത കല്പനകൾ അനുസരിക്കുന്നതാണ് നല്ലത്, കാരണം അതിലൂടെ നാം നേടുന്നത് അനന്തമായ സന്തോഷമാണ്, പ്രസ്തുത സന്തോഷം ആസ്വദിക്കുവാൻ നമ്മെ അതിലൂടെ പ്രാപ്തമാക്കുന്നു. ഈ സമ്പൂർണ്ണമായ അനുസരണത്തിന്, അല്ലാഹു(ത) വാഗ്ദാനം ചെയ്തിരിക്കുന്നത്, വളരെ മഹത്തായ സ്വർഗ്ഗമാണ്. പ്രസ്തുത ഭവനത്തിൽ നമ്മുടെ എല്ലാ ഇച്ഛകളും എല്ലാ ആഗ്രഹങ്ങളും നിറവേറ്റപ്പെടുന്നതാണ്. റമദാനിലൂടെ നമുക്ക് നല്കപ്പെടുന്ന പരിശീലനം സമാനതകളില്ലാത്ത വരമാണ് അല്ലാഹു(ത) നമുക്ക് നല്കുന്നത്. ഒരു മാസത്തെ ത്യാഗത്തിന് ശേഷം അവനൊരു ദിവസം നമുക്ക് ആഘോഷമാക്കി തന്നിരിക്കുന്നു. ഈ പാതയിലൂടെ സഞ്ചരിക്കുവാൻ അവൻ നമ്മെ പ്രോത്സാഹിപ്പിക്കുകയാണ്. പ്രസ്തുത മാസത്തിൽ നാം നേടിയ സ്വഭാവരീതികൾ കൃഷി ചെയ്യുക, അങ്ങനെ ആയാൽ, നമ്മുടെ ഈമാന്റെ ഫലങ്ങൾ നമുക്ക് വിളയിച്ചെടുക്കുവാൻ കഴിയുന്നതാണ്. ഈലോകത്തും, പരലോകത്തും!

ഈദ് ദിനത്തിൽ, ഓരോരുത്തർക്കും സാധുക്കളെകുറിച്ച്, പ്രത്യേകമായ ഒരു ചിന്ത ഉണ്ടായിരിക്കണം. നിങ്ങളുടെ ദീനാനുകമ്പ പ്രവർത്തനത്തിലും, കാരുണ്യത്തിലും, പ്രാർത്ഥനയിലും അവരുണ്ടായിരിക്കണം. ഒരു സാഹചര്യത്തിലും, അവരെ നിങ്ങൾ മറന്നുപോകരുത്. മഹത്തായ സന്തോഷത്തിന്റെ ഒരുദിനമാണ് ഈദ്. ഈ ദിനം നമ്മുടെ സന്തോഷം സാധുക്കളോടൊപ്പം പങ്കുവെയ്ക്കണമെന്ന് ഉപദേശിക്കപ്പെട്ടിരിക്കുന്നു. നിത്യവൃത്തിക്കായി പാടുപെടുന്നവരോടൊപ്പം നാം ഈദ് ദിനസന്തോഷം പങ്കുവെയ്ക്കുക. അവരിലേക്ക് സന്തോഷം കൊണ്ടുവരുന്നതിന്റെ ഒരു വഴിയാണിത്. അതിലൂടെ അവർക്കും ഈദ് ആഘോഷിക്കുവാൻ സാധിക്കുന്നു. ഇതിനായി സദഖാത്തുൽ ഫിത്ർ എല്ലാം മുസ്ലിംകൾക്കും ശരീഅത്ത് നിർബന്ധമാക്കിയിരിക്കുന്നു. ആയതിനാൽ, ഞാൻ റമദാൻ മാസത്തിൽ പറഞ്ഞ

തുപോലെ, ഓരോരുത്തരും നിർബന്ധമായും 100 രൂപാവീതം (ഒരു ദിവസത്തെ രണ്ടു നേരത്തെ പ്രധാന ആഹാരത്തിനുള്ള മൂല്യം) ഓരോ കുടുംബത്തിലെ ഓരോ അംഗത്തിനും വേണ്ടി ഈദ് പെരുന്നാൾ ദിനത്തിലെ നമസ്ക്കാരത്തിന് വളരെ മുമ്പ് തന്നെ നല്കേണ്ടതാണ്. അങ്ങനെ ആയാൽ സാധുക്കൾക്കും ഈദ്ദിനത്തിലെ സന്തോഷം അനുഭവിച്ചറിയുവാൻ കഴിയും. റമദാൻ- ഈദ് പരമ്പര ഇസ്ലാമിലെ ഒരു സർവ്വസാധാരണമായ ആശയത്തെ ഊന്നിപ്പറയുകയാണ് ചെയ്യുന്നത്. ഇവയൊക്കെ ത്യാഗങ്ങളാകുന്നു. അവ സന്തോഷത്തെ സൃഷ്ടിക്കുന്നു, പുഷ്ടിപ്പെടുത്തുന്നു. നാം പ്രത്യേകം മനസ്സിലാക്കേണ്ട കാര്യം, റമദാനിലെ ത്യാഗത്തിനു ശേഷം മാത്രമാണ്, ഈദ് സമാഗതമാകുന്നത്, നേരെ മറിച്ച് സംഭവിക്കുന്നതല്ല.

ഈദ് ദിനം ഒരവധി ദിനമാണ്, ഈ ദിനത്തിൽ നമ്മെ സാത്താൻ വലിച്ചുകൊണ്ടു പോകുവാൻ ഇടവരരുത്. റമദാൻ മാസത്തിൽ നല്ല പ്രവർത്തനങ്ങളിലൂടെയും നല്ല സ്വഭാവങ്ങളിലൂടെയും നാം നേടിയ നന്മയെ അവൻ നമ്മിൽ നിന്നും തട്ടിപ്പറിച്ചെടുക്കുവാൻ അനുവദിക്കരുത്. ഒരുവൻ സ്വയം സംശുദ്ധനായ ശേഷം പഴയ ദുഃശ്ശീലങ്ങളിലേക്ക് മടങ്ങിപോകുന്നത് വളരെ മോശമായ കാര്യമാണ്. മറിച്ച്, അഞ്ച് നേര നമസ്ക്കാരം, നിത്യവും നിർവ്വഹിക്കുക എന്നത് ഇപ്പോൾ വളരെ എളുപ്പമായിരിക്കുകയാണ്. നമ്മുടെ പരിപാടികളുടെ താളത്തിനൊത്ത് നമ്മുടെ സിസ്റ്റം പ്രവർത്തിക്കേണ്ടതാണ്.

തഹ്ജ്ജൂദും, നഫ്ൽ നമസ്ക്കാരങ്ങളും അല്ലാഹു(ത)യുമായി അടുത്തുചേർന്ന് നില്ക്കുന്നതിനുള്ള വഴികളാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) വിവരിക്കുന്നു. അതായത് അല്ലാഹു(ത) പറഞ്ഞു ഞാൻ എന്റെ ദാസന്റെ മേൽ ഏല്പിച്ച മതപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനെക്കാൾ വലുതായി മറ്റൊന്നും തന്നെ എന്നോടു അവൻ ചേർന്നു നില്ക്കുന്നതിനായി ഞാൻ കാണുന്നില്ല. ആയതിനാൽ നഫ്ൽ നമസ്ക്കാരങ്ങളിലൂടെയും മറ്റും അവൻ എന്നോട് ചേർന്നു നില്ക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടരട്ടെ. അപ്പോൾ ഞാൻ അവനെ കൂടുതലായി സ്നേഹിക്കും. ഞാൻ അവനെ സ്നേഹിക്കുമ്പോൾ, ഞാൻ അവന്റെ ചെവിയായി മാറുന്നു. അതിലൂടെ അവൻ കേൾക്കുന്നു. അവന്റെ കണ്ണുകൾ എന്റെ കണ്ണുകളായി മാറുന്നു. അതുകൊണ്ട് അവൻ കാണുന്നു. അവന്റെ കയ്യ് എന്റെ കയ്യായി മാറുന്നു. അവന്റെ കാലുകൾ എന്റെ കാലുകളായി മാറുന്നു. അവൻ എന്തെങ്കിലും എന്നോടു ചോദി

ച്ചാൽ, ഞാനത് അവന് നല്കുന്നു. അവൻ എന്നോട് അഭയം ചോദിച്ചാൽ, അപ്പോൾ ഞാനവന് തീർച്ചയായും അഭയം നല്കുന്നു. (ബുഖാരി)

അപ്പോൾ ആരാണോ അല്ലാഹുവിനോട് അനുസരണയുള്ളവനായി നിലകൊള്ളുന്നത്, അല്ലാഹുവിന്റെ കല്പനകൾക്കനുസൃതമായി മുന്നോട്ടുപോകുന്നത് അപ്പോൾ, അല്ലാഹു(ത) അവന് ദൈവീക സംരക്ഷണം നല്കുന്നു. അത്തരം ആളുകൾക്ക് സംരക്ഷണവുമായി അല്ലാഹു(ത) നിലകൊള്ളുന്നതാണ്. അല്ലാഹു(ത) അവിടെയുണ്ട്. അവനിലുണ്ട് ; അവന്റെ സമീപത്തുണ്ട്. അവന്റെ നിയമപരമായ(ഹലാലായ) ആഗ്രഹങ്ങൾ മനസ്സിലാക്കികൊണ്ട് അവനെ സഹായിക്കുവാനായി.

റമദാൻ മാസവേളയിൽ, വ്രതാനുഷ്ഠാനവും അനുബന്ധ പ്രാർത്ഥനകളും, *തറാവീഹ്* പോലുള്ള നമസ്ക്കാരങ്ങൾ തഖ്വ ആർജ്ജിക്കുന്നതിനുള്ള വഴികളാണ്. അല്ലാഹു(ത) പറയുന്നു വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നു പോലെ നിങ്ങൾക്കും വ്യതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി 2:184.

ആയതിനാൽ, പ്രസ്തുത മാസത്തിൽ, അവന്റെ ആത്മീയ മൂലധന വർദ്ധവിനായി, അവൻ പരമാവധി പരിശ്രമിക്കേണ്ടതാണ്. (അത് ഇതാ ഇപ്പോൾ കടന്നു കഴിഞ്ഞിരിക്കുന്നു) റമദാൻ വേളയിൽ എല്ലാവിധ പാപങ്ങളിൽ നിന്നും വിദൂരത്താവുക! അങ്ങനെ ആയാൽ വരും മാസങ്ങളിലും നമുക്ക് അത് നിലനിർത്തുവാൻ സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ്! റമദാന് ശേഷം ഈദ് ദിനം ആരംഭിക്കുന്നു. അതിനാൽ നമുക്ക് സന്തോഷത്തോടെയും അനുസരണയോടെയും കഴിഞ്ഞുകൂടാം.

ഒരു പ്രവാചക വചനത്തിൽ, ഹസ്രത് അനസ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹു(ത)യുടെ ദൂതർ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞിരിക്കുന്നു. ലൈലത്തുൽ ഖദ് ർ സമാഗതമാകുമ്പോൾ ജിബ്രീൽ(അ) എന്ന മലക്കും കൂടെ മലക്കുകളുടെ പരിവാരവും ഭൂമിയിലേക്ക് വരുകയും, മഹത്വമുടയവനും, മഹാനുമായ അല്ലാഹുവിനെ നിന്നും, ഇരുന്നും, അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുന്ന ഓരോരുത്തർക്കുമായി അവർ (പ്രസ്തുത മലക്കുകൾ) അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നതാണ്. അങ്ങനെ അവരുടെ ആഘോഷദിനം സമാഗതമാകുമ്പോൾ അതായത് ഈദ് ദിനം

സമാഗതമാകുമ്പോൾ അല്ലാഹു(ത) അഭിമാനത്തോടെ മലക്കുകളോട് അവരെപറ്റി പറയുന്നതാണ്. അല്ലയോ, എന്റെ മലക്കുകളെ! തന്റെ ജോലി സമ്പൂർണ്ണമായും പൂർത്തിയാക്കിയ ഞാൻ കൂലിക്കെടുത്ത എന്റെ സേവകന് ഞാൻ എന്ത് കൂലിയാണ് നല്കേണ്ടത്? അവർ പറയും, ഞങ്ങളുടെ രക്ഷിതാവേ അവന്റെ പ്രതിഫലം എന്ന് പറയുന്നത്, അവന്റെ പ്രതിഫലം അവന് പൂർണ്ണമായും നല്കേണ്ടതാണ്.

അവൻ (അല്ലാഹു) പറയുന്നു. എന്റെ മലക്കുകളെ! എന്റെ ആണും പെണ്ണുമായ ദാസർ ഞാൻ ഏല്പിച്ച് നിർബന്ധമാക്കിയ ജോലികൾ അവർ പൂർണ്ണമായും നിർവ്വഹിച്ചിരിക്കുന്നു. പ്രാർത്ഥനാ രൂപത്തിൽ അവരുടെ ശബ്ദങ്ങൾ ഇതാ ഉയർന്നിരിക്കുന്നു. എന്റെ പ്രതാപത്തെകൊണ്ടും, മഹത്വത്തെകൊണ്ടും, ഔന്നത്യത്തെത്തെ കൊണ്ടും, ഉന്നത പദവിയെകൊണ്ടും, സമാനതകളില്ലാത്ത സ്ഥാന മഹിമയെകൊണ്ടും, സത്യം, ഞാൻ തീർച്ചയായും അവർക്ക് ഉത്തരം നല്കുന്നതാണ്. തുടർന്ന് അല്ലാഹു(ത) പറയുന്നു. നിങ്ങൾ മടങ്ങി പോവുക, ഞാൻ നിങ്ങൾക്ക് മാപ്പ് ചെയ്തിരിക്കുന്നു. നിങ്ങളുടെ മോശം ചെയ്തികളെ നല്ല ചെയ്തികളാക്കി മാറ്റിയിരിക്കുന്നു. ദൈവ ദൂതൻ(സ)പറഞ്ഞു. "അവരതാ അവർക്ക് ലഭിച്ച മാപ്പുമായി മടങ്ങുന്നു." (മിശ്ക്കാത്ത്)

ഞാൻ നിങ്ങൾക്കെല്ലാവർക്കും ഈദുമുബാറക്ക് നേരുന്നു. അല്ലാഹു(ത) അവന്റെ അനുഗ്രഹങ്ങൾ കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ! നിങ്ങളുടെ ഹൃദയങ്ങളെ നേർവഴിയിലൂടെ അവൻ നടത്തട്ടെ. നല്ല പ്രവർത്തനങ്ങളിൽ മുന്നേറുവാൻ അല്ലാഹു(ത) റമദാന് ശേഷവും നിങ്ങളെ സഹായിക്കട്ടെ! ഏറ്റവും നല്ലനിലയിൽ അല്ലാഹുവിന്റെ മാർഗത്തിൽ മുന്നേറുവാൻ അവൻ തുണയ്ക്കട്ടെ! അങ്ങനെ ആയാൽ അല്ലാഹു(ത) നിങ്ങളോട് എല്ലായ്പ്പോഴും സന്തുഷ്ടനായിരിക്കുന്നതാണ്. ഇൻശാഅല്ലാഹ് ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*